മിസ്റ്റർ കെ. എസ്. പണിക്കർ: മൂസിയം സൂപ്രണ്ടിന് വ്യ ൦ - ഫ ൦ ൦ ഉണ്ടായിരുന്ന ശമ്പളം ഫ ൦ ൦ - ഫ ൪ ൦ ആക്കിയതു് ജനറൽ റിവിഷനിൽ എത്ര ഉദ്യോഗിക യാക്കിയിട്ടുണ്ടു്?

മിസ്റ്റർ കെ. എസ്. രാഘവൻ: ഫ ൪ ൦ - ഫ ൪ ൦ ഗ്രേഡ്.

POLICE ENQUIRY—COLLEGE DISTURBANCES

48. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) കോളേജിൽ ആഗസ്റ്റ് ഫ ൪ - ം ൹ൻ - ം തിയ്യതികളിലുണ്ടായ സംഭവങ്ങളെപ്പറ്റി പോലീസ് അന്വേഷണം നടത്തുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ഏതു തിയ്യതിയിലെ സംഭവത്തെപ്പറ്റിയാണു് അന്വേഷണം നടത്തുന്നതു്;

(സി) ഈ അന്വേഷണം പൂർത്തിയാക്കി അവർ റിപ്പോർട്ട് സമർപ്പിച്ചുവോ;

(ഡി) ഈ റിപ്പോർട്ടിനെ ആസ്പദമാക്കി പോലീസ് നടപടി തുടരുമോ, അതോ വേണ്ടന്നു വെക്കുമോ?

റാവുബഹദൂർ ടി. കെ. നായർ:

(എ) ഉണ്ടു്.

(ബി) ആഗസ്റ്റ് ഫ ൪ - ം ൹ൻ - ം തിയ്യതികളിലുണ്ടായ സംഭവങ്ങളെപ്പറ്റി.

(സി) ഇല്ല.

(ഡി) 'സി'യുടെ മറുപടികൊണ്ടു് ഇതിനു മറുപടി ആവശ്യമില്ല.

മിസ്റ്റർ പറമ്പി ലോനപ്പൻ: ഈ സംഭവം നടന്നിട്ടു് ഉദ്ദേശം രണ്ടുമാസമായി. എന്നിട്ടു് ഇതേവരെയും, പോലീസു് അന്വേഷണം പൂർത്തിയാക്കാതിരിക്കുന്നതിനു വല്ല കാരണവുമുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: പല സാക്ഷികളേയും ഇതിനു് ഉണ്ടാക്കേണ്ടതുണ്ടാകും. സാക്ഷികളെകിട്ടാൻ വളരെ ബുദ്ധിമുട്ടുണ്ടു്. ന്യായമായ ഒരു തീരുമാനമുണ്ടാക്കണമെന്ന ഉദ്ദേശത്തോടുകൂടി പ്രവർത്തിക്കുന്നതുകൊണ്ടു് നേരിടുന്ന താമസമാണു്. അല്ലാതെ മനഃപൂർവ്വം വരുത്തുന്ന താമസമല്ല.

മിസ്റ്റർ പി. കെ. ഡീവർ: കുട്ടികളുടെ കേസു സിൻറിക്കേറ്റിന്റെ പരിശോധനയിൽ ഇരിക്കുന്നതുകൊണ്ടു് അതിനു തടസ്ഥമുണ്ടാകരുതു് എന്നുവിചാരിച്ചാണോ ഈ റിപ്പോർട്ടു് ഗവൺമെണ്ടു് നീട്ടിക്കൊണ്ടുപോകുന്നതു്?

റാവുബഹദൂർ ടി. കെ. നായർ: ആ വിചാരംകൊണ്ടല്ല. പോലീസു് നടപടി ശരിയായി നടത്തുന്നതുകൊണ്ടുള്ള താമസമാണു്.

"GROWING MORE FOOD"—SCHEME REGARDING

49. Mr. P. Kumaran Ezhuthassan *(Vadakkancheri)*: Will Government be pleased to state.—

(*a*) have the Government got at present any scheme for "Growing More Food"

(*b*) if so, what are the plans?

Mr. C. R. Iyyunni *(Minister for Food and Revenue)*:

(*a*) Yes.

(*b*) The following are the plans.—

1. Undertaking new irrigation schemes like the Chalakkudi and Peechi and extension of the Puthur and Poomala irrigation. These schemes will bring considerable area under irrigation for the cultivation of paddy.

2. Extension of the Lift Irrigation Scheme. This will enable additional paddy crops to be taken in single crop lands with the aid of engines and pumps wherever there are facilities for lift irrigation. This work will be undertaken both by the Public Works and Panchayat Departments.

3. Bringing new areas of Reserve Forests under paddy cultivation. This is proposed in areas adjoining the Chalakkudi-Anamalai road. The areas are Vaisseri Kandam (850 acres), Kannamkuzhi (700 acres) and Kollathirumadu (1,000 acres).

4. Intensification of production in the existing paddy lands (a) by manuring with concentrates and (b) by using high yielding strains of seeds.

LIBRARY ARCHIVES Kerala Legislative Assembly

Manuring.— It is proposed to issue concentrated manures as far as possible. The manure is proposed to be issued at 75 per cent of the cost price.

High yielding strains.— Strains of paddy like 'Cochin I' which was spread over 10,000 acres of paddy lands in the State are found to give an increased yield of 15 per cent more than the local varieties. It is proposed to multiply seeds of such high yielding strains and distribute them in the State.

Tapioca cultivation.—It is proposed to revive the cultivation and bring in larger area under cultivation of this crop by Medam 1123. Setts for planting are proposed to be distributed to the ryots at a subsidised rate.

6. *Vegetable cultivation.*—An additional area is proposed to be brought under cultivation during the next 12 months. It is proposed to give seeds at subsidised rates for this cultivation.

KUDALMANICKAM ROAD AT IRINJALAKKUDA

50. മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) ഇരിങ്ങാലക്കുട കൂടൽമാണിക്യം റോഡ് മുനിസിപ്പാലിറ്റി വകയൊ ദേവസ്വം വകയൊ എന്നു പറവാൻ ദയവുണ്ടാകുമോ;

(ബി) ആ റോഡു മെയിൻറനൻസ് ഇപ്പോൾ ആരാണു നടത്തിവരുന്നതു;

(സി) മേൽ പറഞ്ഞ റോഡിന്റെ അവകാശാധികാരങ്ങളെ പരിഗണിച്ചു വല്ല ഉത്തരവുകളും ബഹുമാനപ്പെട്ട മന്ത്രി ഇയ്യിടെ പാസ്സാക്കുകയുണ്ടായൊ;

(ഡി) ഉണ്ടെന്നു വരികിൽ എന്നാണു?

മിസ്റ്റർ കെ. അയ്യപ്പൻ :

(എ) കൂടൽമാണിക്യം ദേവസ്വം വകയാണു.

(ബി) ദേവസ്വം ഡിപ്പാർട്ട്മെണ്ടു വക ചിലവിലേക്കുമൽ, മുനിസിപ്പാലിറ്റിയാണു നടത്തിവരുന്നതു.

(സി) ഇല്ല.

(ഡി) ഉത്തരം ആവശ്യമില്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ദേവസ്വം ഡിപ്പാർട്ട്മെണ്ടിൽനിന്നാണോ ഈ റോഡു നന്നാക്കുവാനുള്ള ചിലവു ചെയ്യുന്നതു?

മിസ്റ്റർ കെ. അയ്യപ്പൻ: ഈ റോഡിന്റെ പണിനടത്തുന്നതു മുനിസിപ്പാലിറ്റിയാണു. പക്ഷെ, അതിനുള്ള പണം ചിലവു ചെയ്യുന്നതു ദേവസ്വം ഡിപ്പാർട്ട്മെണ്ടിൽനിന്നാണു. ഇപ്പോൾ മുനിസിപ്പാലിറ്റി സൂപ്രവൈസിങ്ങ് ചാർജ്ജ് കൂടി വേണമെന്നാവശ്യപ്പെട്ടിട്ടുണ്ടു.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: പൊതുജനങ്ങളിൽനിന്നും പിരിച്ചെടുക്കുന്ന പണമല്ലെ ദേവസ്വം ഡിപ്പാർട്ടുമെണ്ടിൽനിന്നും ചിലവാക്കുന്നതു?

മിസ്റ്റർ കെ. അയ്യപ്പൻ: അല്ല.

മിസ്റ്റർ കെ. ഐ. വേലായുധൻ: ദേവസ്വം ഡിപ്പാർട്ടുമെണ്ടിൽ നിന്നു, ഇതിനു വേണ്ടി ചിലവു ചെയ്യാൻ തുടങ്ങിട്ടു എത്ര കാലമായി?

മിസ്റ്റർ കെ. അയ്യപ്പൻ: കുറെക്കാലമായി.

മിസ്റ്റർ കെ. ടി. അച്യുതൻ: അവിടെ പണിനടത്തിക്കുന്ന ഉദ്യോഗസ്ഥന്മാർക്കു ശമ്പളം കൊടുക്കുന്നതു ദേവസ്വം ഡിപ്പാർട്ടുമെണ്ടിൽനിന്നാണോ?

മിസ്റ്റർ കെ. അയ്യപ്പൻ: അല്ല. മുനിസിപ്പാലറ്റിയിൽനിന്നാണു.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: മിസ്റ്റർ ഷൺമുഖംചെട്ടി ഇവിടെ ദിവാൻജി ആയിരുന്ന കാലത്താണു ഈ റോഡു ദേവസ്വം ഡിപ്പാർട്ടുമെണ്ടിലേക്കു കൈമാറിയതു എന്നു പറഞ്ഞുവരുന്നതിൽ വല്ല വാസ്തവവുമുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അദ്ദേഹത്തിന്റെ കാലത്തണു അവിടെ മുനിസിപ്പാലറ്റിതന്നെ തുടങ്ങിയതു.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ആ കാലത്തു മുനിസിപ്പാലിറ്റിയിൽനിന്നു ദേവസ്വം ഡിപ്പാർട്ടുമെണ്ടിലേയ്ക്കു ഈ റോഡു കൈമാറ്റം ചെയ്തുവോ?

LIBRARY ARCHIVES Kerala Legislative Assembly